കോഴിക്കോട് നഗരസഭ
തീയ്യതി. 08/12/2023.

നമ്പർ- A36/76450/11

# താൽപര്യപത്രം

കോഴിക്കോട് നഗരസഭാ പരിധിയിലെ 6 മേൽപാലങ്ങളുടെ ഇരുവശങ്ങളിലും (മീഞ്ചന്ത, എ.കെ.ജി, സി.എച്ച്, മാങ്കാവ്, കല്ലായി, വെങ്ങാലി) നിലവിലുള്ള വൈദ്യുതി പോളുകൾ പരിപാലിക്കുന്നതിനും ആവശ്യമായ ഇടങ്ങളിൽ കോർപ്പറേഷൻ ഇലക്ട്രിക്കൽ വിഭാഗത്തിന്റെ നിർദ്ദേശ പ്രകാരം, സ്വന്തം ചിലവിലും ഉത്തരവാദിത്തത്തിലും വൈദ്യുതി കാലുകൾ സ്ഥാപിച്ച് രാത്രികാലങ്ങളിൽ മതിയായ വെളിച്ചം ലഭിക്കത്തക്കവിധത്തിൽ വൈദ്യുതി വിളക്കുകൾ സ്ഥാപിച്ച് പരിപാലിക്കുന്നതിന് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും താൽപര്യ പത്രം ക്ഷണിക്കുന്നു. ആയത് 20/12/2023 തീയ്യതി രാവിലെ 10 മണി മുതൽ 3 മണി വരെ സ്വീകരിക്കുന്നതാണ്.

<u>നിബന്ധനകൾ</u>

1) എഗ്രിമെന്റ് തീയ്യതി മുതൽ 5 വർഷകാലത്തേയ്ക്ക് നിലവിലുള്ളതും ലൈസൻസി സ്ഥാപിച്ചതുമായ വിളക്കുകൾ കൃത്യമായി പരിപാലിക്കുന്നതിനാണ് താൽപര്യപത്രം ക്ഷണിക്കുന്നത്.

2) അനുമതി ലഭിക്കുന്ന സ്ഥാപനങ്ങൾക്ക്/വ്യക്തികൾക്ക് വൈദ്യുതി കാലുകൾ സ്ഥാപിച്ച് വൈദ്യുത വിളക്കുകൾ പ്രവർത്തിപ്പിക്കുന്നതിന്റെ ചിലവിലേക്കായി പോസ്റ്റുകളിൽ പരസ്യ ബോർഡുകൾ സ്ഥാപിക്കാവുന്നതാണ്. ഓരോ പോസ്റ്റിലും 5X3 അളവിലുള്ള പരസ്യങ്ങൾ മാത്രമേ പ്രദർശിപ്പിക്കുവാൻ പാടുള്ളൂ. ആയതിൽ കൂടുതൽ അളവിലുള്ള പരസ്യങ്ങൾ സ്ഥാപിക്കുവാൻ പാടുള്ളതല്ല.

3)താൽപര്യ പത്രം സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്ക്/വ്യക്തികൾക്ക് ഔട്ട് ഡോർ പരസ്യമേഖലയിൽ 5 വർഷത്തിൽ കുറയാത്ത പരിചയം ഉണ്ടായിരിക്കേണ്ടതും ആയത് തെളിയിക്കുന്നതിന് GST സർട്ടിഫിക്കറ്റ് / Company registration Certificate ഹാജരാക്കേണ്ടതാണ്.

4) 31/03/2023 വരെയുള്ള 5 വർഷത്തിൽ ഏതെങ്കിലും 3 വർഷത്തിൽ ശരാശരി turn over ഒരു കോടിയിൽ കുറയാൻ പാടില്ലാത്തതാണ്. ആയതിനുള്ള രേഖകൾ സമർപ്പിക്കേണ്ടതാണ്. ആയതിന് ചാർട്ടേഡ് അക്കൌണ്ടന്റിന്റെ Turn Over Certificate, P&L, Balance Sheet ഹാജരാക്കേണ്ടതാണ്.

5) 2023 ഒക്ടോബർ വരെയുള്ള GST return ൽ കുടിശ്ശിക വരുത്തിയിട്ടില്ല എന്ന് തെളിയിക്കുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ്.

6) പോൾ ഒന്നിന് ലൈസൻസ് ഫീ ആയി അടവാക്കാൻ തയ്യാറുള്ള തുക താൽപര്യപത്രത്തിൽ രേഖപ്പെടുത്തേണ്ടതാണ്. താൽപര്യപത്രം അംഗീകരിക്കുന്ന പക്ഷം കൌൺസിൽ തീരുമാനിക്കുന്ന നിരക്കിന്റെ അടിസ്ഥാനത്തിൽ പോളുകളുടെ എണ്ണത്തിനനുസരിച്ചുള്ള മൊത്തം തുക, ലൈസൻസ് ഫീ, ബാധകമായ അഡ്വാൻസ് എന്നിവ നികുതികൾ ഉൾപ്പെടെ അടവാക്കേണ്ടതാണ്. പ്രതിവർഷം 5% ലൈസൻസ് ഫീ വർദ്ധനവ് ബാധകമാണ്.

SJ(PP)

7) എല്ലാ വർഷവും ആദ്യത്തെ മാസം ഒരു വർഷത്തെ ലൈസൻസ് ഫീ തുക അഡ്വാൻസ് അടവാക്കേണ്ടതാണ്.

8) പോളുകൾക്കോ ലൈറ്റിംഗ് സംവിധാനത്തിനോ കേടുപാടുകൾ സംഭവിക്കുന്ന പക്ഷം ആയത് 10 ദിവസത്തിനകം സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും നന്നാക്കേണ്ടതാണ്.

9) ഓരോ വർഷവും പ്രസ്തുത പോളിൽ അറ്റകുറ്റപണി പൂർത്തീകരിച്ചിട്ടുണ്ടെന്നും പാലത്തിന്റെ കൈവരികൾ 2 വർഷം കൂടുമ്പോഴും വൈദ്യുതി വിളക്ക് കാലുകൾ വർഷത്തിലൊരിക്കലും പെയിന്റ് ചെയ്തിട്ടുണ്ടെന്നുള്ളതിനുള്ള സാക്ഷ്യപത്രം കോർപ്പറേഷൻ എഞ്ചിനീയറിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

10) അശ്ലീലമായതും നിയമപ്രകാരം നിരോധിക്കപ്പെട്ടിട്ടുള്ളതുമായ വസ്തുക്കൾ/സേവനങ്ങളുടെ പരസ്യങ്ങൾ പ്രദർശിപ്പിക്കാൻ പാടില്ലാത്തതാണ്. കൂടാതെ പരസ്യ ബോർഡുകളും മറ്റും നിർമിക്കുന്നതിന് നിരോധിത വസ്തുക്കൾ ഉപയോഗിക്കാൻ പാടില്ലാത്തതുമാണ്.

11) സർക്കാർ, കോർപ്പറേഷൻ, പോലീസ് വിഭാഗം എന്നിവർ ആവശ്യപ്പെടുന്ന ഏതെങ്കിലും പരസ്യങ്ങൾ ഉണ്ടെങ്കിൽ ആയതിന് യാതൊരു ഫീസും ഈടാക്കാതെ പ്രദർശിപ്പിക്കേണ്ടതാണ്.

12) പി.ഡബ്ല്യു.ഡി, എൻ.എച്ച്, പോലീസ് എന്നീ വകുപ്പുകളിൽ നിന്നും ആവശ്യമായ അനുമതി പത്രം വാങ്ങിയിരിക്കേണ്ടതാണ്.

13) സ്ഥാപിക്കേണ്ട പോസ്റ്റുകൾക്ക്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സ്ട്രക്ചറൽ സ്റ്റബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കേണ്ടതാണ്.

14) പോളുകളുടെ കണക്ഷന് വേണ്ടി ഉപയോഗിക്കുന്ന LT UG കേബിളുകൾ Concrete-duct ലൂടെയോ അല്ലാത്തയിടങ്ങളിൽ മണ്ണിനടിയിൽ രണ്ടടി താഴ്ചയിലോ സ്ഥാപിക്കേണ്ടതാണ്.

15) UG കേബിളിന്റെ 2 end ഉം phase earth ചെയ്യേണ്ടതാണ്.

16) പോളുകൾ എർത്ത് ചെയ്യേണ്ടതാണ്.

17) ഇലക്ട്രിക്കൽ പ്രവൃത്തികൾ Indian Electricity rule 1956 പ്രകാരവും electrical Inspectorate ന്റെ 'B' class ൽ കുറയാത്ത ലൈസൻസ് ഉള്ള കരാറുകാരനെ കൊണ്ട് പ്രവൃത്തി ചെയ്യിപ്പിക്കേണ്ടതും ആയതിന്റെ test certificate ഹാജരാക്കേണ്ടതുമാണ്.

18). പ്രകൃതി ക്ഷോഭമോ, കലാപമോ, മറ്റ് ദുരന്തങ്ങൾ കാരണം മൂലമോ ഉണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് കോർപ്പറേഷൻ ഉത്തരവാദിയായിരിക്കുന്നതല്ല.

കോഴിക്കോട് കോർപ്പറേഷൻ റവന്യൂ വിഭാഗം
Non Tax

സെക്രട്ടറി
കോഴിക്കോട് കോർപ്പറേഷൻ

SJ(PP)